Little KITEs

# വടക്കുമ്പാട് ഹയർ സെക്കന്ററി സ്കൂൾ, പാലേരി





# എഡിറ്റോറിയൽ ബോർഡ്

അജ്ഞലികൃഷ്ണ

ഷാനഫാത്തിമ

പ്രണവ്

അദ്വൈത്

ദേവനന്ദ

സഞ്ജന സുനിൽകുമാർ

അരുൺ

അയിഷറുമാന

# സന്ദേശം



പൊതു വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിൽ പൊതു സമൂഹത്തിന്റെയാകെ സഹകരണത്തോടെ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി മുന്നേറുന്ന കാലത്താണ് വടക്കുമ്പാട് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത്. വിവര സാങ്കേതിക വിദ്യയുടെ ഈ കാലത്ത് വിദ്യാർത്ഥികളുടെ ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു

**കെ. വി കുഞ്ഞിക്കണ്ണൻ**

**മാനേജർ.**

# സന്ദേശം



നമ്മുടെ വിദ്യാലയത്തിലെ ഐ ടി ക്ലബ്ബ് "ഹായ് സ്കൂൾ കുട്ടിക്കൂട്ടം" എന്ന പേര് മാറ്റി ലിറ്റിൽ കൈറ്റ്സ് ആയി മാറുമ്പോൾ വിവരസാങ്കേതിക വിദ്യയിലെ പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ട് വിദ്യാർത്ഥികൾക്കും സ്കൂളിനും മുതൽക്കൂട്ടാകുന്ന പ്രവർത്തനങ്ങളിലേക്ക് കൂടി ചുവട് വെക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത്തരത്തിലുള്ള ഒരു പ്രവർത്തനമാണ് ഈ ഡിജിറ്റിൽ മാഗസിൻ. മാഗസിൻ പ്രവർത്തനങ്ങൾക്കും ലിറ്റിൽ കൈറ്റ്സിനും എല്ലാ വിധ ആശംസകളും വിജയവും നേരുന്നു.

സി. കെ ശോഭന

പ്രധാന അധ്യാപിക

# സന്ദേശം



വടക്കുമ്പാട് ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികൾക്ക് പഠന പ്രവർത്തനങ്ങളിൽ ഏറെ സഹായം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഹൈടെക് സൗകര്യങ്ങളോടെ പൊതു വിദ്യാഭ്യാസ മേഖല മുന്നേറുമ്പോൾ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ ഈ പ്രവർത്തനത്തിന് പ്രസക്തി ഏറെയാണ്. ഈ മാഗസിന് എല്ലാ നന്മകളും നേരുന്നു.

കെ. എം. ഇസ്മയിൽ

പി. ടി. എ പ്രസിഡന്റ്

## ആമുഖം

# പുതിയ ചുവടുകൾ
# പുതിയ പടവുകൾ


സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പുതിയ ചുവടുകൾ വെക്കുകയാണ്. അസാധ്യമെന്ന് കരുതിയ പലകാര്യങ്ങളും നടക്കുന്നു. നമ്മുടേതുപോലുള്ള സാധാരണ വിദ്യാലയങ്ങൾ ആധുനിക സൗകര്യങ്ങളോടെ ഹൈടെക്ക് ആയി കഴിഞ്ഞു. എല്ലാ ക്ലാസ്സ് മുറികളിലും സജ്ജീകരിച്ച ഐ.ടി ഉപകരണങ്ങളിലൂടെ അറിവിന്റെ പുതിയ ലോകത്തേക്ക് വാതിലുകൾ തുറന്നു. വിസ്മയകരമായ മാറ്റങ്ങളാണ് ക്ലാസ് മുറികളിൽ സംഭവിച്ചത്. ഇവക്കൊപ്പം രൂപീകരിക്കപ്പെട്ട ലിറ്റൽ കൈറ്റ് എന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മ വടക്കുമ്പാട് ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിക്കുന്നത് 2018ലാണ്. തെരഞ്ഞെടുക്കപ്പെട്ട 38 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന ഈ ഗ്രൂപ്പിലുള്ള ഓരോവിദ്യാർത്ഥിയും സാങ്കേതിക വിദ്യ അതിവേഗം സ്വായത്തമാക്കാൻ കാണിക്കുന്ന പരിശ്രമവും ജിജ്ഞാസയും സമൂഹത്തിന് വലിയ പ്രതീക്ഷകളാണ് നൽകുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ വിവരസാങ്കേതിക മേഖലകളിലേക്ക് വലിയ സംഭാവന നൽകാൻ കഴിയുന്ന പ്രതിഭകളെ രൂപപ്പെടുത്താനാവും. അതിലേക്കുള്ള ഒരു ചുവടുവെപ്പാണ് *പടവുകൾ .*
*ഈ ഡിജിറ്റൽ മാഗസിൻ വായനക്കും വിലയിരുത്തലിനുമായി സാദരം സമർപ്പിക്കുന്നു.*

*എഡിറ്റോറിയൽ ടീം,*
*ലിറ്റിൽ കൈറ്റ്സ്*
*വടക്കുമ്പാട് ഹയർ സെക്കണ്ടറി സ്കൂൾ*



ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് ഉദ്ഘാടനം

# ഗാന്ധിജിയും ചിന്തകളും



എന്റെ ജീവിതമാണ്
എന്റെ സന്ദേശം.


ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാക്കുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.

മനസാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ
ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല.

സമുദ്രജലത്തിലെ ഏതാനും തുള്ളികൾ
മലിനമായാൽ
സമുദ്രം മുഴുവൻ മലിനമാകില്ല.
മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്.

നിർമലമായ സ്നേഹത്താൽ
നേടാനാവാത്തതായി ഒന്നുമില്ല.

ചെറുകഥ



# പ്രളയം അപഹരിച്ച സ്വപ്നങ്ങൾ

അവൻ ഓർക്കുകയായിരുന്നു. താൻ ഇത്രനാളും കണ്ടസ്വപ്നത്തെക്കുറിച്ച് ഓർമ്മകളിലൂടെ അവൻ ചെന്നെത്തിയത് മയക്കത്തിലെക്കായിരുന്നു. അവൻ കണ്ട സ്വപ്നങ്ങൾ വീണ്ടും ഒരു തിരമാല പേലോ അവന്റെ മനസിലേക്ക് അലയടിച്ചെത്തി. ചെറുപ്പംതൊട്ടെ അവൻകണ്ട കിനാവ് മഴയിൽ ചോരാത്ത വെയിൽ മങ്ങാത്ത ഒരു കൊച്ചു വീട്. അവന്റെ ചെറ്റകുടിലിൽ നിന്ന് എന്നും കാണാറുള്ള സ്വപ്നം. ഒടുവിൽ ആ സ്വപ്നത്തിന് തറക്കല്ലിട്ടു. കൂലിപ്പണിയെടുത്ത് ജീവിക്കുന്ന അച്ഛന്റെ കൂലി കൊണ്ട് വീടിന്റെ തറകെട്ടി. അന്നവൻ ഏറെ സന്തോഷിച്ചു.കാലങ്ങളായി തന്റെ മനസ്സിൽ കുറിച്ചിട്ട സ്വപ്നത്തിന് മുളപൊട്ടിയിരിക്കുന്നു. അച്ഛന്റെ പ്രിൽ കിട്ടിയ എട്ട് സെന്റ് ഭൂമിയിലാണ് പണി ആരംഭിച്ചത്. സ്വത്ത് എന്ന് പറയാൻ അതുമാത്രമെ ഉണ്ടായിരുന്നുള്ളു ആ കുടുംബത്തിന്. പാടത്തും പറമ്പിലും എല്ലു മുറിയെ പണിയെടുത്ത് കിട്ടുന്ന പണം സ്വരുക്കൂട്ടി വെച്ച് ഒരു വലിയ തുകയാകുമ്പോൾ വീടിന്റെ പണി നടത്തും. വീടിന്റെ ഓരോരോ പണികഴിയുമ്പോഴും അവൻ സന്തോഷിക്കും. അത്രത്തോളം വലുതായിരുന്നു ഒരു കൊച്ചു വീടെന്ന അവന്റെ സ്വപ്നം. വീട്ടിലെ ചെലവും മറ്റും നോക്കാൻ അച്ഛന്റ കൈയിലെ പണം മതിയാവില്ലെ ന്നവനറിയാം. കയ്യിലുള്ള പണം കൂട്ടിവെച്ച് ഒടുവിൽ അത് അവൻ അച്ഛന് കൊടുക്കുമായിരുന്നു. അവനാൽ ആവുന്നതെന്തും അവൻ വീടിനുവേണ്ടി ചെയ്യുമായിരുന്നു. എങ്ങനെയെങ്കിലും തന്റെ വീട്ടുപണി പൂർത്തിയാകണം എന്ന ചിന്തമാത്രമെ അവനുണ്ടായിരുന്നുള്ളു. ഒരു കൊച്ചു വീട് അതിനുമുമ്പിൽ അച്ഛനും അമ്മയും അവനും. ഇതവന്റെ മനസ്സിലെ ചിത്രമായിരുന്നു. ഒത്തിരി കടലാസു കഷ്ണങ്ങളിൽ അവനീചിത്രങ്ങൾ വരച്ചുവെക്കുമായിരുന്നു. അവന്റെ സ്വപ്നങ്ങൾ മൊട്ടിട്ടുതുടങ്ങി. പലരുടെ അടുത്തുനിന്നും കടംവാങ്ങിയും അധ്വാനിച്ചും കിട്ടിയ പണം കൊണ്ട് അവന്റെ അച്ഛൻ വീട്ടുപണി പൂർത്തിയാക്കി. അങ്ങനെ അവന്റെ വീടെന്ന സ്വപ്നം വിടർന്ന മനോഹരമായ പൂവെന്നപോലെ അവന്റെ സന്തോഷത്തിനതിരുകളില്ലായിരുന്നു. തന്റെ പുതിയ വീട്ടിൽ താമസിച്ച് തുടങ്ങാൻ ദിസസവും നിശ്ചയിച്ചു. ക്ഷണക്കത്ത് അച്ചടിച്ച് കൂട്ടുകാർക്കും നാട്ടുകാർക്കും അധ്യാപകർക്കും കൊടുത്തു. ആ ദിനം അടുത്ത് വരികയായിരുന്നു. കടുത്ത പേമാരി പെയ്തുകൊണ്ടിരുന്നു. തോരാതെ പേമാരി തുടർന്നു. പേമാരിയിൽ ഒലിച്ചു പോയ സ്വപ്നങ്ങളുടെ വാർത്തകൾ അവന്റെ കാതിലും എത്തി. ഒടുവിൽ അവന്റെ സ്വപ്നങ്ങളും പ്രളയം അപഹരിച്ചു. മൊട്ടിട്ടുവിടർന്ന പൂവിന്റെ ഇതളുകൾ കൊഴിഞ്ഞു വീണു. അവൻ കണ്ട സ്വപ്നമായ കൊച്ചു വീട്.



അവിടം ശൂന്യമായിരുന്നു. പൊട്ടിത്ത കർന്ന കിനാവ് ചിതറിക്കിടന്നു. ആ വേദനയിൽ നീറി പുകഞ്ഞ മനസ്സ്. കണ്ണിൽ നിന്നുതിർന്ന കണ്ണുനീർത്തുള്ളികൾ പെയ്തിറങ്ങിയ പേമാരിപോലെ. അവന്റെ തോളിൽ ആരോ തട്ടിവിളിച്ചു. അവൻ ഉണർന്നു. ദുരാശ്വാസകേമ്പിലെ അവന്റെ ചങ്ങാതി,അവനെ പോലെ സ്വപന്ങ്ങൾ തകർന്നവൻ. നിറഞ്ഞകണ്ണുകളുമായി അവൻ കൂട്ടുകാരനെ കെട്ടിപ്പിടിച്ചു.

**മുബഷിറ**
9H

poem


# But!

There I am waiting for you rain
but... you are not coming
the trees are blowing
but....you are not coming
the birds are chirping
but.... you are not coming
the producers are decorating
with colours and their fragrance
yet the rain are not come
but..... suddenly the rain are comes
and all are happy
beauty...comes in houses.
Agriculture destroyed....
some are happy
some are sad

Rida Fathima
10 H

poem

# The book



He was at the age of fourteen
And live in a big home
Was so rich in money, wealth
But Live in a big family
But he was a alone

He was a smart fool day
And he had many great friends
so one is friend of him
He was a smart school boy
A boy with academic brilliance
But no one boy a friend of him
No one talk too much with him
No Happiness, friendship
He was alone
But he gain an important friend,
the one and only best friend
Books were the friends found by him
Books, the friend who made him
happy, delight and all
He doesn't feel alone with books
He doesn't feel alone with books.
He spent a lot of time with it
He was alone and unhappy with
other things
But Books made him so happy
And Books were his life.

Arysree T 10I

# Events through images



SSLC ഉന്നതവിജയികൾക്കുള്ള അനുമോദനം -

ശ്രീ. ടി.പി. രാമകൃഷ്ണൻ

(ബഹു. തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി)

ക്ലാസ്സ് സഭ







ലിറ്റിൽ കൈറ്റ്സ് ക്ലാസ്സ്

ഹലോ ഇംഗ്ലീഷ്







നിപ്പ പ്രതിരോധപ്രവർത്തകർക്കുള്ള ആദരം